(ഡി) ഇവർക്ക് സ്റ്റൈപ്പെൻറ് ഇനത്തിൽ നൽകാനുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൈവറ്റ് നഴ്സിംഗ് സ്കൂളുകളിൽ 3800-ഉം സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ 1110-ഉം വിദ്യാർത്ഥികളാണ് പരിശീലനം നടത്തുന്നുണ്ട്.

(സി) സർക്കാർ നേഴ്സിംഗ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 150 രൂപവീതം സ്റ്റൈപ്പെൻറ് നൽകിവരുന്നു.

(ഡി) ഉണ്ട്.

ഡോക്ടർമാരുടെ സ്ഥലംമാറ്റം

34 [64] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പിൽ 1985 ജനുവരി ഒന്നുമുതൽ 1985 ആഗസ്റ്റ് ഒന്നുവരെ എത്ര ഡോക്ടർമാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

271 ഡോക്ടർമാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച പുതിയ കെട്ടിടം

35 [66] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നു നടക്കും;

(ബി) എടുപ്പിന്റെ പണി പൂർത്തിയായിട്ടും ഉദ്ഘാടനം വൈകാൻ കാരണമെന്ത്?

ഉത്തരം

(എ, ബി) പുതിയ കെട്ടിടത്തിന്റെ സാനിട്ടറി ജോലികളും പൂർത്തിയായിട്ടില്ല. അത് പൂർത്തിയായാൽ ഉടൻതന്നെ കെട്ടിടം ഉപയോഗിച്ച് തുടങ്ങുന്നതാണ്.

കോഴിക്കോട് ഗവൺമെൻറ് ജില്ലാ ആയുർവേദ ആശുപത്രിക്കുവേണ്ടി കെട്ടിടം

36 [69] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെൻറ് ജില്ലാ ആയുർവേദ ആശുപത്രിക്കുവേണ്ടി കെട്ടിടം പണിയുവാൻ വെസ്റ്റ്ഹിൽ ചുങ്കത്ത് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഒരു സ്ഥലം വിട്ടുതരാൻ തയ്യാറാണെന്ന വിവരം ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly